നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

296 (T* 645) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മാണ സാമഗ്രികളുടെ ക്ഷാമം, വില വർദ്ധനവ്, വാഹന പരിശോധനമൂലമുള്ള ബുദ്ധിമുട്ടുകൾ എന്നിവയ്ക്ക് പരിഹാരം കാണാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹു. സുപ്രീം കോടതി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ പ്രകാരം ചെറുകിട ധാതുഖനനത്തിന് പരിസ്ഥിതി ക്ളിയറൻസ് നിർബന്ധമാക്കിയതുമൂലം നിർമ്മാണ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾക്കുണ്ടായ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്വാറി ഉടമകൾക്ക് ടി ക്ലിയറൻസ് സമ്പാദിക്കുന്നതിന് ഒരു വർഷത്തെ സാവകാശം നൽകി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അന്യസംസ്ഥാനത്തു നിന്നും വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും ഇറക്കുമതി ചെയ്ത മണൽ വിപണനം ചെയ്യുന്നതിനും ഡീലേഴ്സ് ലൈസൻസ് നൽകുന്നുണ്ട്. ഡാമുകളിൽ നിന്നും മണൽ വാരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുഴമണലിന്റെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂളിലെ 107-ാം വകുപ്പ് പ്രകാരം ധാതുക്കളുടെ ഇറക്കുമതി അനുവദിക്കുന്നുണ്ട്. പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly